**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4153** **18-07-2022 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ചിരുന്നതെന്ന് വർഷം തിരിച്ച് അറിയിക്കാമോ; | (എ) | 2016-17 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലേയും 'വിശദ മായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവര ങ്ങൾ) വാല്യം-II (ഭാരണാനുമതിയില്ലാത്ത മരാമത്തുപണികൾ)' എന്ന ബജറ്റ് രേഖയിൽ ഇരുപത് ശതമാനം തുക അനുവദിച്ച് ഉൾപ്പെടുത്തിയ ബാലുശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അവയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് സർക്കാർ സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്; | (ബി) | ബജറ്റിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി, സാമ്പത്തികാനുമതി തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. |
| (സി) | ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കി വച്ച പ്രവൃത്തികൾ സാങ്കേതിക കാരണങ്ങൾ കൊണ്ട് നടപ്പിലാക്കാൻ കഴിയാതെ വന്നാൽ പകരം പ്രവൃത്തികൾക്കായി തുക വിനിയോഗിക്കുവാൻ സാധിക്കുമോ; | (സി) | വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം-II (ഭാരണാനു മതിയില്ലാത്ത മരാമത്തുപണികൾ)' എന്ന ബജറ്റ് രേഖയിൽ ഇരുപത് ശതമാനം തുക നീക്കി വച്ച പ്രവൃത്തികൾ സാങ്കേതിക കാരണങ്ങൾ കൊണ്ട് നടപ്പിലാക്കാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ അതത് എം.എൽ.എ-മാർ നിർദ്ദേശിക്കുന്ന ഭേദഗതി പ്രവൃത്തികൾക്ക് ഉചിത തലത്തിൽ തീരുമാനമെടുത്ത് ധനകാര്യ വകുപ്പ് അനുമതി നൽകുന്നുണ്ട്. |
| (ഡി) | ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവച്ച പ്രവൃത്തികളുടെ സാമ്പത്തിക അനുമതിക്ക് വേണ്ടി അതത് ഭരണ വകുപ്പുകൾ എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ അതുമൂലം പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം-II (ഭാരണാനു മതിയില്ലാത്ത മരാമത്തുപണികൾ)' എന്ന ബജറ്റ് രേഖയിൽ ഇരുപത് ശതമാനം തുക നീക്കിവച്ച പ്രവൃത്തികൾക്ക് അതത് വകുപ്പുകളുടെ ബന്ധപ്പെട്ട ശീർഷകത്തിനു കീഴിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ 500 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ ഭരണാനുമതി നൽകി വരുന്നു. 500 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | അധികരിച്ച് വരുന്ന എസ്റ്റിമേറ്റുകൾക്ക് സി.ടി.ഇ യുടെ പരിശോധനയുടേയും ശിപാർശയുടേയും അടിസ്ഥാനത്തിൽ ധനവകുപ്പിന്റെ അനു മതിയോടെ ഭരണാനുമതി നൽകുന്നത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| സാമ്പത്തിക വർഷം | 20% തുക അനുവദിച്ചിരിക്കുന്ന പ്രവൃത്തികൾ | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 മുതൽ 2017-18 വരെയുള്ള സംസ്ഥാന ബജറ്റുകളിൽ ബാലുശ്ശേരി മണ്ഡലത്തിൽ 20% തുക വകയിരുത്തിയ പ്രവൃത്തികളില്ല. | | |
| 2018-19 | മഞ്ഞപ്പുഴ സംരക്ഷണം പനങ്ങാട്ഗ്രാമ പഞ്ചായത്ത് | 40 |
| 2019-20 | ബാലുശ്ശേരി മിനി സിവിൽസ്റ്റേഷൻ നിർമാണം | 300 |
| 2020-21 | അവറാട്ടുമുക്ക് ചാലിക്കര റോഡ് | 60 |
| | അയനിക്കാട് കൊയമ്പറത്തുകണ്ടി പാലം | 80 |